**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5374** **12-08-2021 - ൽ മറുപടിയ്ക്ക്**

**റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജ വൈദ്യുതോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതിയിൽ കൈവരിച്ച പുരോഗതി എന്തെന്നും വിശദീകരിക്കാമോ; | (എ) | സംസ്ഥാന സർക്കാർ, സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിനായി എല്ലാ സെക്ഷൻ ഓഫീസുകളിലും (770) സോളാർ കോ-ഓർഡിനേറ്റേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും സൗര എക്സിക്യൂട്ടീവിനെ നടത്തിപ്പിനായി നിയമിച്ചിട്ടുണ്ട്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ് ഇതിൽ മൂന്ന് മോഡലുകളാണ് ഉള്ളത്. മോഡൽ 1, 2, എന്നിവ KSEBL മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽ മുടക്കുന്ന പദ്ധതിയാണ്. ഒന്നാംഘട്ടത്തിൽ 25 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ട് നിർമ്മാണം പൂർത്തീകരിക്കുകയും 3.382 മെഗാവാട്ട് ശേഷിയുടെ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗര നിലയങ്ങൾക്കു വേണ്ടിയുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതി 2021 ഡിസംബറോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400 KW നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തേക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും പൈലറ്റ് പ്രോജക്ടുകളായി തിരഞ്ഞെടുക്കപ്പെട്ട 24 സൈറ്റുകളിൽ (85KW), പ്രാഥമിക സർവ്വേ നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി ഇതുവരെ | (ബി) | 'സൗര' പദ്ധതിക്കായി സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2021-22 ലെ ബജറ്റിൽ 150 കോടി |

| | | | |
|---|---|---|---|
| | എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | | രൂപ വകയിരുത്തിയിട്ടുണ്ട്. സൗര പദ്ധതിയിൽ ഇതുവരെ ചെലവഴിച്ച തുക 7,99,99,183/- (up to 06/08/2021) ആണ്. |

സെക്ഷൻ ഓഫീസർ